STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.209/PR/SPMC/PHQ/2026 Date:25.05.2026

# എസ്.പി.സി ക്യാമ്പ് സമാപനം ഇന്ന്: പരേഡിൽ ആഭ്യന്തര മന്ത്രി അഭിവാദ്യം സ്വീകരിക്കും

വർണ്ണശബളമായ പരേഡോടെ ആറു ദിവസത്തെ സ്റ്റുഡന്റ് പോലിസ് കേഡറ്റ് ക്യാമ്പ് 'ഐക്യ 2026' ഇന്ന് ( മെയ് 25) സമാപിക്കും .

വൈകിട്ട് 4 മണിക്ക് തിരുവനന്തപുരം വെങ്ങാനൂർ വി.പി.എസ് മലങ്കര ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടക്കുന്ന പരേഡിൽ ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല അഭിവാദ്യം സ്വീകരിക്കും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 939 കേഡറ്റുകളാണ് ആറുദിന ക്യാമ്പിൽ പങ്കെടുത്തത് .

കൊല്ലം ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ കുട്ടികൾ ക്യാമ്പിൽപങ്കെടുത്തത്. 107.

ക്യാമ്പിൻറെ വിവിധ സെഷനുകളിലായി സംസ്ഥാനത്തെ സിവിൽ സർവീസ് ഉദ്യോഗസ്ഥർ, സാംസ്കാരിക, പ്രമുഖ ക്രിക്കറ്റ് താരം സഞ്ജു സാംസൺ, മാധ്യമ രംഗത്തെ പ്രമുഖർ, ചലച്ചിത്ര താരങ്ങൾ എന്നിവരുമായി കേഡറ്റുകൾ സംവദിച്ചു .

കൂടാതെ വനിതാ ശിശുവികസന വകുപ്പിന്റെ നേതൃത്വത്തിലുള്ള ജെൻഡർ ഇൻക്ലൂസിവിറ്റി സെഷൻ, ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ, പി ടി , പരേഡ്, തുമ്പ സ്പേസ് മ്യൂസിയം, വിഴിഞ്ഞം തുറമുഖം, സൈബർ ഡോം എന്നിവടങ്ങളിലെ സന്ദർശനം, ഇൻഡോർ ഔട്ട് ഡോർ ക്ലാസുകൾ, സൂമ്പാ, യോഗ എന്നിവയും ക്യാമ്പിൻറെ ഭാഗമായി നടന്നു .

സമാപന ചടങ്ങിൽ സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, പോലീസ് ആസ്ഥാന എ.ഡി.ജി.പി എസ് ശ്രീജിത്ത്, ഐ.ജി എസ് അജീത ബീഗം, മറ്റ് ഉന്നത പോലീസുദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

************************